# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.റ്റി.4922 18.12.2014-ലെ മറുപടിക്ക്

## ദേശീയപാത 47-ൽ വാളയാർ മുതൽ മണ്ണുത്തി വരെയുള്ള പാത വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) ദേശീയപാത 47-ൽ വാളയാർ മുതൽ മണ്ണുത്തി വരെയുള്ള പാത വികസനം എത്രത്തോളമായി എന്നു വ്യക്തമാക്കാമോ; | (എ) വാളയാർ മുതൽ വടക്കഞ്ചേരി വരെയുള്ള നാലുവരി പാതയുടെ വികസനം ത്വരിതഗതിയിൽ നടന്നു വരുന്നു. ഇപ്പോൾ ഏകദേശം 70% പൂർത്തീകരിച്ചിട്ടുണ്ട്.<br><br>വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെയുള്ള 6 വരിപ്പാതയുടെ വികസന പ്രവൃത്തികൾ സ്ഥലം ഏറ്റെടുക്കുന്നതിലെ പ്രശ്നങ്ങൾ കാരണവും കൺസഷണയർ-ന് ലോൺ കിട്ടുന്നതിനുള്ള പ്രശ്നങ്ങൾ കാരണവും പണി 07/10/2014-ൽ മാത്രമാണ് വീണ്ടും തുടങ്ങാൻ സാധിച്ചത്. ഇപ്പോൾ 5% പണി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തി യഥാർത്ഥത്തിൽ എന്നാണ് പൂർത്തീകരിക്കേണ്ടത്;യഥാർത്ഥ സമയത്തിനകം തന്നെ നവീകരിച്ച പാത ഗതാഗതത്തിനു തുറന്നു കൊടുക്കുവാൻ സാധിക്കുമോ; | (ബി) വാളയാർ മുതൽ വടക്കഞ്ചേരി വരെയുള്ള നാലുവരിപ്പാത പൂർത്തിയാക്കേണ്ട സമയപരിധി 13/11/2015 ആണ്. ഈ സമയപരിധിക്കുള്ളിൽ തന്നെ പ്രസ്തുത പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>വടക്കഞ്ചേരി മുതൽ മണ്ണുത്തി വരെയുള്ള ആറു വരിപ്പാതയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള സമയ പരിധി 06/04/2013 ആയിരുന്നു. എന്നാൽ സ്ഥലം ഏറ്റെടുക്കുന്നതിലെ പ്രശ്നങ്ങൾ കാരണം പണി തുടങ്ങുന്നതിനുള്ള സമയം 15/09/2012-ആയി പുനർ നിർണ്ണയിക്കുകയുണ്ടായി. എന്നാൽ ലോൺ കിട്ടുന്നതിനുള്ള പ്രശ്നങ്ങൾ കാരണം 07/10/2014-ലാണ് കൺസഷണയർ പണി ആരംഭിച്ചത്. 31/03/2016-നകം പ്രസ്തുത പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പാത വികസനത്തിന്റെ കാര്യത്തിൽ തടസ്സം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (സി) & (ഡി) | സ്ഥലം വിട്ടു നൽകുന്നതിലെ പ്രശ്നങ്ങൾ, BOT വ്യവസ്ഥയോടുള്ള പൊതു ജനങ്ങളുടെ എതിർപ്പ്, നഷ്ടപരിഹാര തുക ഉയർത്തുന്നതിനുവേണ്ടിയുള്ള പ്രശ്നങ്ങൾ തുടങ്ങിയവയായിരുന്നു, പ്രസ്തുത പാത വികസനത്തിന്റെ കാര്യത്തിലുണ്ടായ തടസങ്ങൾ.<br><br>ഇപ്പോൾ ടി തടസ്സങ്ങളെല്ലാം മാറി 07/10/2014-ൽ പണി ആരംഭിച്ചിട്ടുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ ആയതു പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ? | | |

Salitha

**സെക്ഷൻ ഓഫീസർ**